# എ.എ.റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രി, കൊല്ലം

**ഫോൺ നം. 0474 - 2742004**

**Email: dhkollam@gmail.com**


---

നം.എ6 -1466/2019 തീയതി, 28.02.2024

## പുനർ ടെൻഡർ/ലേല പരസ്യം

വിഷയം: കൊല്ലം ജില്ലാ ആശുപത്രിയിൽ KIIFB പദ്ധതി നടപ്പിലാക്കുന്നതിനായി 4 കെട്ടിടങ്ങൾ പൊളിച്ചുനീക്കി കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ /ലേലം നടത്തുന്നു.

സൂചന : 1. GO(RT)No.3697/2018/H&FWD, Dated, 15.12.2018
2. GO(RT)No.1314/2022/H&FWD, Dated, 07.06.2022
3. സ.ഉ.(സാധാ)20/22/ആ.കു.വ. തീയതി, 03.01.2022
4..24.06.2023 ലെ എച്ച്.എം.സി. കമ്മിറ്റിയിലെ 1-ാം നമ്പർ തീരുമാനം

കൊല്ലം ജില്ലാ ആശുപത്രിയിൽ സൂചന (1) പ്രകാരം അനുവദിച്ചിട്ടുള്ള KIIFB പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് സൂചന (3) ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിലെ പൊളിച്ചു നീക്കേണ്ടതായ കെട്ടിടങ്ങളിൽ Blood Bank, INA Ward, Ladies toilet, Limb Fitting Centre, Limb Fitting Centre സെന്ററിന്റെ മുകളിൽ കിടക്കുന്ന പാഴ് വസ്തുക്കൾ ഉൾപ്പെടെയുള്ളവ നീക്കുന്നതിനും കെട്ടിടാവശിഷ്ടങ്ങൾ എടുത്ത് മാറ്റി പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം അനുയോജ്യമായ രീതിയിലാക്കുന്ന തിനും കൊല്ലം ജില്ലാ ആശുപത്രിയിൽ വച്ച് 07.03.2024 തീയതിയിൽ പുനർടെൻഡർ/ പരസ്യലേലം നടത്തുന്നു (കെട്ടിടങ്ങളിലുള്ള ഉപകരണങ്ങൾ, Air Conditioner, ഇലക്ട്രിക്കൽ സാധനങ്ങൾ ഒഴികെ) ടെൻഡർ/പരസ്യലേലത്തിൽ പങ്കെടുക്കുവാൻ 5000/- രൂപയുടെ നിരതദ്രവ്യം ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ DD ആയി കെട്ടിവയ്ക്കേണ്ടതാണ്. ഏറ്റവും ഉയർന്ന തുകയ്ക്ക് ടെൻഡർ /പരസ്യലേലം വിളിക്കുന്ന വ്യക്തിയ്ക്ക് ലേലം ഉറപ്പിച്ച് നൽകുന്നതായിരിക്കും. മുദ്രവച്ച ടെൻഡറുകൾ 06.03.2024 വൈകുന്നേരം 3 മണിയ്ക്ക് മുമ്പായി നേരിട്ടോ/തപാർമാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്. ലേലം ഉറപ്പിച്ച് ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി അന്നേദിവസം തന്നെ ലേല തുകയുടെ 50 ശതമാനം അടയ്ക്കേണ്ടതും, അന്തിമാനുമതി കത്ത് ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയും ലേലം ഉറപ്പിച്ച തുകയുടെ 18% ജി.എസ്.റ്റി തുകയും കൂടി അടയ്ക്കേണ്ടതാണ്. ലേല ദിവസം 1,2 3 സ്ഥാന ക്കാരുടെ നിരത ദ്രവ്യം ഒഴികെ ബാക്കിയുള്ളവരുടെ തുക തിരികെ നൽകുന്നതാണ്. ലേലം ഉറപ്പിച്ച് ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി മേൽ കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 15 ദിവസത്തിനകം പൂർത്തിയാക്കുന്നതാണെന്നും, ടി പ്രവർത്തനങ്ങൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ ചെയ്തു കൊള്ളാമെന്നും കാണിച്ചുകൊണ്ട് സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. വിശദവിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. ലേലം സംബന്ധിച്ച അവസാന തീരുമാനം എടുക്കുന്നതിനും ആവശ്യമെങ്കിൽ വേണ്ടതായ തിരുത്തലുകളും മാറ്റങ്ങളും വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

ദർഘാസ് ഫോറത്തിന്റെ വില - 1000 രൂപ + വില്പന നികുതി
ദർഘാസ് ഫോറം വിൽക്കുന്ന തീയതി - 29.02.2024 രാവിലെ 10 മണി മുതൽ
വിൽക്കുന്ന അവസാന തീയതി - 05.03.24 വൈകുന്നേരം 3 മണിവരെ
സ്വീകരിക്കുന്ന അവസാന തീയതി - 06.03.24 വൈകുന്നേരം 3 മണിവരെ
ലേല തീയതി - 07.03.2024 ഉച്ചയ്ക്ക് 12 മണി

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ സ്വന്തംപേരിലുള്ള തിരിച്ചറിയൽരേഖയുടെയുടെയും GST Registration ന്റെയും പകർപ്പ് ഹാജരാക്കേണ്ടതാണ്.

2. സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിന് ശേഷം മാത്രമേ കേട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ പാടുള്ളൂ. നിശ്ചിത സമയത്തിനകം കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ആയത് കരാർ വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി സുരക്ഷിത നിക്ഷേപവും നിരതദ്രവ്യവും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്.

3. പൊളിച്ചുമാറ്റുമ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് കേടുപാട്, ആശുപത്രി സ്ഥാവരജംഗമ വസ്തുക്കൾക്ക് നാശം എന്നിവ ഉണ്ടായാൽ നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കുന്നത് ആയിരിക്കും.

4. ആശുപത്രിയുടെ സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ പൊളിക്കൽ ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ്.

5. തറനിരപ്പിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ ലേല അംഗീകാരം ലഭിച്ച വ്യക്തി സ്വന്തം ഉത്തരവാദിതത്വത്തിലും ചിലവിലും ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സൈറ്റ് ക്ലിയറൻസ് ആക്കി തരേണ്ടതാണ്.

6. തറനിരപ്പിൽ നിന്ന് പൊളിച്ചുമാറ്റുമ്പോൾ മണൽ തുടങ്ങിയ മൈനർ മിനറൽസ് ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സർക്കാർ ഏർപ്പെടുത്തിയ റോയൽറ്റിയും മറ്റു ഫീസുകളും നിയമാനുസൃതമായി കൊല്ലം ജില്ലാ Minig and Geology ഓഫീസിൽ ഒടുക്കിയ തിന് ശേഷം മാത്രമേ ഇവിടെ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ. റോയൽറ്റി അടച്ച രേഖകൾ ആരോഗ്യവകുപ്പിനെ ബോധ്യപ്പെടുത്തി നിയമാനുസൃത പാസ്സുകൾ സമ്പാദിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

7. ലേലത്തിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ സ്ഥാപനത്തിൽ നിന്നും നൽകിയി ട്ടുള്ള ഓതറൈസേഷൻ ലറ്റർ ലേലത്തിന് മുമ്പ് ഹാജരാക്കേണ്ടതാണ്.

സൂപ്രണ്ട്
ജില്ലാ ആശുപത്രി, കൊല്ലം

28-2-24

പകർപ്പ്

1. ആരോഗ്യവകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊല്ലം ( ആമുഖ കത്ത് സഹിതം)
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
4. . സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കൊല്ലം
4. നോട്ടീസ് ബോർഡ്- താലൂക്കാഫീസ്/കളക്ട്രേറ്റ്/വിക്ടോറിയ ആശുപത്രി
5. ജില്ലാ പ്രോഗ്രാം മാനേജരുടെ കാര്യാലയം, കൊല്ലം